# പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനായി ട്രെയിനിംഗും സെമിനാറും സംഘടിപ്പിച്ചു.

റോട്ടറി ക്ലബ്ബ് കൊച്ചിൻ പെരിയാറിൻെറയും എറണാകുളം റൂറൽ ജില്ലാ പോലീസിൻെറയും സംയുക്ത ആഭിമുഖ്യത്തിൽ എറണാകുളം റൂറൽ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർക്കായി സ്ട്രസ്സ്, സ്ട്രെയിൻ റിലീഫ് ട്രെയിനിംഗും സെമിനാറും സംഘടിപ്പിച്ചു.

പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം കുറയ്ക്കുന്നത് ലക്ഷ്യമിട്ട് എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ ഇന്ന് (29.07.2017) രാവിലെ മുതൽ ഉച്ചവരെ സംഘടിപ്പിച്ച ട്രെയിനിംഗിൽ റൂറൽ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നായി ഏകദേശം 150 ഓളം പോലീസ് ഉദ്യോഗസ്ഥർ സംബന്ധിച്ചു.

ട്രെയിനിംഗും സെമിനാറും ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. റൂറൽ ജില്ലാ അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി എൻ.ആർ.ജയരാജ്, റോട്ടറി ക്ലബ്ബ് കൊച്ചിൻ പെരിയാർ പ്രസിഡൻറ് ബെന്നി ഫ്രാൻസിസ്, സെക്രട്ടറി റാഫേൽ വാടയ്ക്കൽ, റോട്ടറി ക്ലബ്ബ് അസ്സിസ്റ്റൻറ് ഗവർണർ പ്രശാന്ത്.എൻ.സി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. പരിപാടിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്ക് NLP ( Neuro Linguistic Programming ) മാസ്റ്റർ ട്രെയിനർ ജോർജ്ജ് കരുണാക്കൽ സ്ട്രസ്സ്, സ്ട്രെയിൻ റിലീഫ് ട്രെയിനിംഗ് നൽകി.

